
# *മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി*

## *സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്*




**എറണാകുളം**

**കൂവപ്പടി ബ്ലോക്ക്**
**ഒക്കൽ പഞ്ചായത്ത്**
**വാർഡ്-3**
**സോഷ്യൽ ഓഡിറ്റ് കാലയളവ് :1/10/2018 to 31/3/2019**
**റിപ്പോർട്ട് തയ്യാറാക്കിയത് :**
**വി .ആർ. പി.**
**സോഷ്യല്ഓഡിറ്റ് യുണിറ്റ്**
**തിരുവനന്തപുരം**

## ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ല് വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ല് പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ല് നമ്മുടെ രാജ്യത്തെ എല്ലാ ജില്ലകളിലേയും ഗ്രാമീണ മേഖലകളിൽ ഈ നിയമത്തിന്റെ പരിധിയിലു വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തീക വർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുര്ബല ജനവിഭാഗങ്ങള്ക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തില് കൂട്ടിചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളില് വരുത്തുന്ന ഭേദഗതികള് സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ് . മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികള്ക്ക് ഒരു കൂട്ടം അവകാശങ്ങള് നൽകുന്നുണ്ട് .

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

## അവകാശധിഷ്ഠിത നിരീക്ഷണങ്ങൾ

- തൊഴിൽ സ്ഥലത്തു വെച്ച് അപകടം സംഭവിച്ചാൽ ചികിത്സ സഹായം ലഭിക്കുന്നതിനെ കുറിച്ച് തൊഴിലാളികൾക്ക് അറിവുണ്ടായിരുന്നില്ല.
- ഡിമാൻഡ് വെച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചിട്ടില്ല.
- തൊഴിൽ കാർഡ് എടുക്കുന്നതിനും മറ്റു രേഖകൾ കൊടുക്കുന്നതിനും വേണ്ടി ഫോട്ടോസ്റ്റാറ്റ് എടുക്കുന്നത് സ്വന്തം കൈയിൽ നിന്ന് പൈസ എടുത്താണ്.
- തൊഴിൽ കാർഡ് അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് ലഭിച്ചിട്ടില്ല.
- ബൂട്ട് കൈയുറ എന്നിവ ലഭിക്കുന്നില്ല

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

1.ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്തു തലത്തിലും പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക്ഓഫീസർ (BDO), പഞ്ചായത്തു സെക്രട്ടറി, മറ്റ് നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നടത്തിയ കൂടിയാലോചനയിൽ ഉരുത്തിരിഞ്ഞതിനനുസരിച്ച് തുടർപ്രക്രിയകൾ ആസൂത്രണം ചെയ്യുകയും സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭാ തീയതി നിശ്ചയിക്കുകയും ചെയ്യുന്നു.

2.കഴിഞ്ഞ 6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ

3.പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു

4.ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു, തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .

5.വിവരശേഖരണാർത്ഥം പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, ഓഫീസിലെ ജീവനക്കാർ, ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരെ അഭിമുഖങ്ങൾക്കും ചർച്ചകൾക്കും ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനും വിധേയമാക്കി.

6.ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ

പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് |
|---|---|---|
| 1 | IF/221424 | തൊഴുത്ത് നിർമാണം |
| 2 | LD/329524 | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ്, ജലം സംരക്ഷണ പ്രവർത്തികൾ റീച്ച് 1 |
| 3 | IF/312364 | ക്ഷീര വകുപ്പുമായി സംയോജിച്ച് തീറ്റപ്പുൽ കൃഷിക്ക് നിലമൊരുക്കൽ |
| 4 | IF/367432 | കിണർ നിർമ്മാണം |

| | | |
|---|---|---|
| 5 | FP/306242 | പ്രകൃതി ക്ഷോഭവും വെള്ളപ്പൊക്കവും ബാധിച്ച ദുരിധ ബാധിത പ്രദേശങ്ങളിൽ കാന കളുടെയും തോടുകളുടെയും പുനരുദ്ധാരണം |
| 6 | LD/329525 | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ റീച് 2 |
| 7 | IC/213860 | ഒക്കൽ ലിഫ്റ്റ് ഇറിഗേഷൻ കനാൽ നവീകരണം |

**ഫയൽ പരിശോധന**

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യുന്ന ഓരോ വർക്കിനും പ്രത്യേകം ഫയല് സൂക്ഷിക്കേണ്ടതാണ്. അതില് ഓരോ ഫയലിനും 22 ഡോകുമെന്റ്സ് ഉണ്ടായിരിക്കണം. ഈ 22 ഡോകുമെന്റ്സ് പരിശോധിച്ച വിവരങ്ങൾ.

**കവർ പേജ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഒരു വർക് ഫയലിൽ ഉണ്ടാകേണ്ടതാണ് കവർ പേജ്. പരിശോധിച്ച 7 ഫയലുകളിലും AMC പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നു.

അംഗീകൃത shelf ഓഫ് വർക്ക് സീരിയൽ നമ്പർ രേഖപ്പെടുത്തിയിരുന്നില്ല

7ഫയലുകളിലും സോഷ്യൽ ഓഡിറ്റ് കണ്ട ക്ട് ചെയ്ത് ഡീറ്റെയിൽസ് ലഭ്യമായിരുന്നില്ല

**ചെക്ക് ലിസ്റ്റ്**

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട രേഖയാണ് ചെക്ക് ലിസ്റ്റ്.

പരിശോധിച്ച് 7 ഫയലുകളിലും ചെക്ക് ലിസ്റ്റ് ഡോക്യുമെന്റസ് ഉണ്ടായിരുന്നു. പക്ഷേ പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല.

## ആക്ഷൻപ്ലാൻ കോപ്പി

ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയി ക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ കോപ്പി..ഗ്രാമസഭ നിർദ്ദേശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവര്ത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും.

എന്നാൽ **പരിശോധിച്ച് 7ഫയലിലും ആക്ഷൻപ്ലാൻ കോപ്പി ഇല്ലായിരുന്നു.**

## എസ്റ്റിമേറ്റ്

ഒരു പ്രവർത്തി എങ്ങനെ, എത്ര അളവിന് ചെയ്യണം എന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന രേഖയാണ് എസ്റ്റിമേറ്റ്. പരിശോധനക്ക് വിദേയമാക്കിയ എല്ലാ ഫയലിലും എസ്റ്റിമേറ്റ് ഉണ്ടായിരുന്നു

സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അതായത് ജനകീയ എസ്റ്റിമേറ്റ് ഈ പദ്ധതിയുടെ ഫയലിൽ സൂക്ഷിക്കണമെന്ന് അനുശാസിക്കുന്നു. എന്നാൽ ഇത് ഒറ്റ ഫയലിൽ കണ്ടെത്താൻ സാധിച്ചില്ല. എല്ലാ ഫയലുകളിലും സെക്യൂർ നിന്നെടുത്ത എസ്റ്റിമേറ്റിന്റെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്.എസ്റ്റിമേറ്റിനോപ്പം എസ്റ്റിമേറ്റ് കവർ പേജ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ഡ്രോയിങ് ആൻഡ് ഡിസൈൻ എന്നിവ ഉൾപെടുത്തേണ്ടതുണ്ട്. പരിശോധിച്ച ഫയലുകളിൽ ചിലതിൽ മാത്രമേ ഇവ ഉണ്ടായിരുന്നുള്ളു.സി ഐ ബി ചിലവ് പ്രത്യേകം കാണിച്ചിരുന്നു.

## സാങ്കേതിക അനുമതി

ഒരു പ്രവർത്തിക് സാങ്കേതിക ഉദ്യോഗസ്ഥരുടെ അനുമതി ലഭിച്ചു എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി
പരിശോധിച്ച 7 ഫയലുകളിലും സാങ്കേതിക അനുമതി ഉണ്ടായിരുന്നു

ഫയലുകളിൽ കൂടുതലും സെക്യൂർ നിന്നെടുത്ത കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്.

സെക്യൂർ നിന്നെടുത്ത കോപ്പി ആയിരുന്നാലും അതിൽ സാങ്കേതിക ഉദ്യോഗസ്ഥർ ഒപ്പ് , സീൽ എന്നിവ തിയതി വച്ച് രേഖപ്പെടുത്തേണ്ടതുണ്ട് എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് ,സീൽ, തീയതി മുതലായവ എല്ലാ ഫയലിലും ഉണ്ടായിരുന്നില്ല

**<u>ഭരണാനുമതി</u>**

ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതി.

ഫയലുകളിൽ കൂടുതലും സെക്യൂർ നിന്നെടുത്ത ഭരണാനുമതിയുടെ കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്.

പരിശോധിച്ച 7 ഫയലിലും ഭരണാനുമതി ഉണ്ടായിരുന്നു. എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ എല്ലാ ഫയലിലും ഉണ്ടായിരുന്നില്ല

**<u>സംയോജിത പദ്ധതി</u>**

പരിശോധിച്ച ഒരു ഫയൽ ക്ഷീര വകുപ്പുമായി സംയോജിച്ചുള്ള തീറ്റപ്പുൽ കൃഷി ആയിരുന്നെങ്കിലും അതിന്റെ ഡോക്യൂമെന്റസ് ഒന്നും ഫയലിൽ കാണാൻ സാധിച്ചില്ല.

**<u>തൊഴിലിനുള്ള അപേക്ഷ</u>**

തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതുണ്ട്. തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചോ എന്നറിയാനുള്ള രേഖ കൂടിയാണിത്

പരിശോധിച്ച 7 ഫയലുകളിലും ഡിമാൻഡ് ഫോം ഉണ്ടായിരുന്നു.

**പരിശോധിച്ച ഒരു വര്ക്ക് ഫയലിലും വ്യക്തിഗത** ഡിമാൻഡ് ഫോം **ഉണ്ടായിരുന്നില്ല .**

**<u>പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം</u>**

പ്രവർത്തി നൽകി എന്നതിന്റെ രേഖയാണ് പ്രവർത്തി അനുവദിച്ചു കൊണ്ടുള്ള ഫോം.

പ്രവർത്തിയുടെ പേരും സ്ഥലവും തൊഴിലാളികളുടെ ഡീറ്റെയിൽസും കാണിച്ചിരുന്നു. പരിശോധിച്ച് ഏഴ് ഫയലിൽ മൂന്നെണ്ണത്തിൽ മാത്രം തൊഴിൽ അനുവദിച്ചത് സംബന്ധിച്ച് ഫോം ഉണ്ടായിരുന്നത്.

**ഇ മസ്റ്റർ റോൾ**

തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി, ദിവസം ഉൾപ്പെടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് ഇ മസ്റ്റർ റോള്. പരിശോധിച്ച 7 ഫയലുകളിലും മസ്റ്റർറോൾ ഉണ്ടായിരുന്നു . ഇതിൽ തൊഴിലാളികൾ ഒപ്പുകൾ, അവരുടെ തൊഴിൽ ദിനങ്ങൾ, കൂലി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തേണ്ടതാണ്. എന്നാൽ പരിശോധിച്ച ഫയലുകളുടെ ഇമസ്റ്ററോളുകളിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തിയിട്ടുണ്ടെകിലും തീയതി രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചില്ല .

ഫയലിലെ മസ്റ്റർ റോൾ FTOകു അനുപതികമായിരുന്നു.

**മെഷർമെന്റ് ബുക്ക്**

പ്രവർത്തി തുടങ്ങുന്നതിന് മുമ്പും ശേഷവും അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് മെഷർമെന്റ് ബുക്ക്. പരിശോധിച്ച എല്ലാഫയലുകളിലും മെഷർമെൻറ് ബുക്ക് ഉണ്ടായിരുന്നു

മെസുരേമെന്റ് ബുക്ക് സെക്രട്ടറി സർട്ടിഫൈ ചെയ്യേണ്ടതാണ് പരിശോധിച്ച എല്ലാ ഫയലുകളിലും സെർറിഫൈ ചെയ്തിട്ടുണ്ട്.

ചില പേജുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് മാത്രമോ ചില സ്ഥലങ്ങളിൽ ഒപ്പും സീലും എന്നിവ മാത്രം കാണാൻ സാധിച്ചു. എന്നാൽ തീയതി മിക്ക സ്ഥലങ്ങളിലും രേഖപ്പെടുത്തിയിരുന്നില്ല .

**മെറ്റീരിയൽ ബിൽ വൗച്ചർ**

മെറ്റീരിയൽ ഉപയോഗിച്ചിട്ടുള്ള പ്രവർത്തികളിൽ അവയിൽ ഉപയോഗിച്ച സാധന സാമഗ്രികളുടെ ബില്ലുകളും വൗച്ചറുകളും ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

പരിശോധിച്ച 2 പ്രവർത്തിയിലാണ് മെറ്റീരിയൽസ് ഉപയോഗിച്ചിട്ടുള്ളത്. ഇതിൽ ബില്ലുകൾ വച്ചിട്ടുള്ളതാണ്.

## വേജ് ലിസ്റ്റ്

തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിന് അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ട തുക അതായത് വേതനം, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ച കൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാം കാണിച്ചു കൊണ്ട് പണം കൈമാറുന്നതിന് വേണ്ടി തയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്. പരിശോധിച്ച ഫയലുകളിൽ 6 ഫയലുകളിലും വെജ് ലിസ്റ്റ് ഉണ്ടായിരുന്നു.

ഫയലിൽ ഉണ്ടായിരുന്ന വെജ് ലിസ്റ്റുകൾ മസ്റ്റർ റോളിന് അനുപാതികം ആയിരുന്നില്ല.

## ഫണ്ട് ട്രാൻസ്ഫർ ഓർഡർ

വേജ് ലിസ്റ്റ് പ്രകാരം തൊഴിലാളികൾക്ക് വേതനം നൽകിയതിനുള്ള രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ. പ്രവർത്തിയിൽ ചിലവായ മുഴുവൻ തുകയും ആർക്ക്, എപ്പോൾ നൽകി എന്നുള്ളതിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡർ എല്ലാ ഫയലിലും നിർബന്ധമായും കാണേണ്ടതാണ് .

പരിശോധിച്ച എല്ലാ ഫയലിലും FTO ഉണ്ടായിരുന്നു.

## പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുവാന് ഉപകരിക്കുന്ന ഒരു രേഖയാണ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് അഥവാ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം .പരിശോധിച്ച 7 ഫയലിലും

വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിരുന്നു എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സീൽ, സൈൻ ഡേറ്റ് എന്നിവ എല്ലാത്തിലും കാണാൻ സാധിച്ചില്ല.

## മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തിലും , മാസ്റ്റർറോൾ അനുവദിച്ചത് മുതൽ വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തിയ്യതികളിലാണ് നടന്നത് എന്ന് മനസിലാക്കാനുള്ള രേഖയാണ് മാസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്.

മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പിൽ കൃത്യമായി ഒപ്പിനൊപ്പം തിയതി രേഖപ്പെടുത്തേണ്ടതുണ്ട് എന്നാൽ ചില ഫയലുകയിൽ ഉണ്ടായിരുന്നില്ല

**ഫോട്ടോഗ്രാഫ്**

പ്രവർത്തി തുടങ്ങുന്നതിന് മുമ്പ് പ്രവർത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു .

പരിശോധിച്ച് 7 ഫയലുകളിൽ മൂന്നെണ്ണത്തിൽ ഫോട്ടോഗ്രാഫ് ഉണ്ടായിരുന്നില്ല. മറ്റ് ഫയലുകളിൽ പ്രവർത്തി തുടങ്ങുന്നതിനുമുമ്പ് നടന്നുകൊണ്ടിരിക്കുമ്പോൾ നടന്നതിനു ശേഷം ഉള്ള ഫോട്ടോഗ്രാഫ് സൂക്ഷിച്ചിരുന്നു.

**റോയൽറ്റി**

പരിശോധിച്ച 7 ഫയലുകളിൽ 2 ഫയൽ ഒഴികെ (കനാൽ, കാന കളും തോടുകളുടെയും പുനരുദ്ധാരണം )എല്ലാത്തിനും റോയൽറ്റി ഡോക്യൂമെന്റസ് സൂക്ഷിച്ചിരുന്നു.

**സൈറ്റ് ഡയറി**

പ്രവർത്തി സ്ഥലത്തെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നതിനുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി.

എല്ലാ ഫയലും വളരെ വ്യക്തമായി സൈറ്റ് ഡയറി രേഖപ്പെടുത്തിയിരുന്നു ചില സൈറ്റ് ഡയറിയിൽ ചികിത്സാചെലവ് പ്രോജക്ട് മീറ്റിംഗ് മിനിട്ട്സ് എന്നിവ ഉണ്ടായിരുന്നില്ല.

മെറ്റീരിയൽ വർക്ക് നടന്ന രണ്ട് ഫയലിൽ സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.

തൊഴിലാളികളുടെ സാഷ്യപത്രം, തൊഴിലുപകരണങ്ങളുടെ വാടക,പദ്ധതിചെലവ്, VMC റിപ്പോർട്ട് , സന്ദർശന കുറിപ്പ് എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട് .

**രജിസ്റ്ററുകളുടെ പരിശോധന**

**കംപ്ലയിന്റ് രജിസ്റ്റർ**

- സെപ്റ്റംബർ 2012-ജൂൺ 2019 വരെയുള്ള പരാതികൾ ആണ് രേഖപെടുത്തിയിരുന്നത്.
- സെപ്റ്റംബർ 2012 മുതൽ 2017 വരെയുള്ള കംപ്ലയിന്റ് 3/2/17 ൽ ജോയിന്റ് BDO സൈൻ വെച്ച് വേരിഫൈ ചെയ്തിട്ടുണ്ട്. 2019 കംപ്ലയിന്റ് വേരിഫൈ ചെയ്തിട്ടില്ല.
- സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടില്ല.

**ഗ്രാമസഭ മിനുട്ട് രജിസ്റ്റർ**

- സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടില്ല
- 2013 - 2018 വർഷത്തെ ഗ്രാമസഭ ഡീറ്റെയിൽസ് ഉണ്ടായിരുന്നു.

**ഡിമാൻഡ് അലോകേഷൻ രജിസ്റ്റർ**

- രജിസ്റ്റർ സർട്ടിഫൈ ചെയ്തിട്ടില്ല
- ഒക്കൽ പഞ്ചായത്തിൽ തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരുടെ കാർഡ് നമ്പറും വ്യക്തികളുടെ ഡീറ്റെയിൽസ് കൊടുത്തിട്ടുണ്ട്.
- ആകെ 85 വ്യക്തികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- തൊഴിൽ കാർഡ് നമ്പർ, തൊഴിൽ അവശ്യപെട്ട തിയതി, പ്രദേശം, വ്യക്തി, ദിവസം രേഖപെടുത്തിയിട്ടുണ്ട്. കൂടാതെ തൊഴിൽ നൽകിയതിനെ കുറിച്ചും, പ്രവൃത്തി, ദിവസം ബന്ധപെട്ട വിവരങ്ങളും ചേർത്തിട്ടുണ്ട്.
- അതിൽ നിന്നും ഡിമാൻഡ് കൊടുത്തു 15 ദിവസത്തിനുള്ളിൽ തൊഴിൽ കിട്ടിയെന്ന് മനസിലാക്കാൻ സാധിക്കും.

**തൊഴിൽ കാർഡ്**

- 198 വർക്കേഴ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- രജിസ്റ്റർ ചെയ്തവരുടെ ഫോട്ടോ സഹിതം എല്ലാ ഡീറ്റെയിൽസ് രേഖപെടുത്തിയിട്ടുണ്ട് (പേര്, വയസ്, ജണ്ടർ, അഡ്രെസ്സ്, ബാങ്ക് ഡീറ്റെയിൽസ്, രെജിസ്ട്രേഷൻ ഡേറ്റ്, രെജിസ്ട്രേഷൻ നമ്പർ, )

**വർക്ക് രജിസ്റ്റർ**

- 2018-2019 വർഷത്തെ ആയിരുന്നു.
- രജിസ്റ്റർ സർട്ടിഫൈ ചെയ്തിരുന്നില്ല.

**ആസ്തി രജിസ്റ്റർ**

വർക്ക് കോഡ്, വർക് തീർന്ന തിയതി, അസറ്റ് പേര്, തുടങ്ങിയ എല്ലാ ഡീറ്റൈൽസും വ്യക്തമായി നൽകിയിരുന്നു. ഓഡിറ്റ് കാലയളവിലുള്ള അസറ്റ് ഡീറ്റൈൽസും കാണാൻ സാധിച്ചു.

**മെറ്റീരിയൽ രജിസ്റ്റർ**

- 2018-2019 ലെ മെറ്റീരിയൽ രെജിസ്റ്റർ ആണ് കണ്ടത്.
- MIS നിന്നുള്ള കോപ്പിയാണ്. എല്ലാ ഡീറ്റൈൽസും വ്യക്തമായി നൽകിയിട്ടുണ്ട്.

**1.വാർഡ് 3 - തൊഴുത്ത് നിർമ്മാണം**

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | ആരംഭിച്ച തിയതി | അവസാനിച്ച തിയതി | എസ്റ്റിമേയ്റ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| IF/221424 | തൊഴുത്ത് നിർമാണം | 07/11/18 | 02/01/19 | 42500 | 32258 |

- രണ്ടു വീടുകളിൽ ആണ് തൊഴുത്ത് നിർമാണം നടന്നത്.രണ്ടിനും ഒരേ എസ്റ്റിമേറ്റ് തുക ആയിരുന്നെങ്കിലും ഒന്നിൽ മെഷർമെൻറ് ബുക്ക് പ്രകാരം ഉള്ള അളവാണ് കാണാൻ സാധിച്ചത്. എന്നാൽ ശ്രീധരൻ എന്ന ഗുണഭോക്താവിന്റെ തൊഴുത്തു അളവിൽ കൂടുതൽ ആയീ നിര്മിച്ചതായിരുന്നു.

- 28/03/19 ൽ തീർന്ന വർക്ക് ആയിരുന്നു. അതിൽ അവിദക്ത തൊഴിലാളി വേതനം ആയ **3794 രൂപ** മാത്രം ആണ് ലഭിച്ചിട്ടുള്ളത്.
- വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം ആയ **12600** രൂപയും മെറ്റീരിയലിന്റെ തുകയായ **33893.16** രൂപയും ലഭിച്ചിട്ടില്ല എന്നാണ് അറിയാൻ സാധിച്ചത്. (ആകെ തുക 50288). എന്നാൽ വേതനവും ആയീ ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പഞ്ചായത്തിൽ നിന്നും ചെയ്തിട്ടുണ്ട്.
- തൊഴുത്തിന്റെ ഭിത്തിയിൽ പെയിന്റ് ചെയ്യാണ് CIB ബോർഡ് വച്ചിരുന്നത്. അതിനു 400 രൂപ വീതം ആണ് രേഖപ്പെടുത്തിയിരുന്നത്.

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് / മെഷർമെൻറ് ബുക്ക് പ്രകാരമുള്ള അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | റാഫി | തൊഴുത്തു നിർമ്മാണം | മെയിൻ വോൾ - 1.653 m3<br>സൈഡ് വോൾ - 0.90 m3<br>ഡോർ - 0.225 m3 | മെയിൻ വോൾ -2.32 m3<br>സൈഡ് വോൾ - 1.12 m3<br>ഡോർ - 0.225 m3 | മെഷർമെൻറ് ബുക്കിലെ അളവ് അനുസരിച്ചുള്ള തൊഴുത്ത് ആയിരുന്നു. മേൽക്കൂര ചെയ്തിരുന്നില്ല. |
| 2 | ശ്രീധരൻ | തൊഴുത്ത് നിർമ്മാണം | മെയിൻ വോൾ - 1.653 m3<br>സൈഡ് വോൾ - 0.90 m3<br>ഡോർ - 0.225 m3 | മെയിൻ വോൾ - 48.1 m3<br>സൈഡ് വോൾ - 3.24 m3<br>ഡോർ - 0.502 m3 | മെഷർമെൻറ് ബുക്കിൽ പറഞ്ഞ അളവിനേക്കാൾ കൂടുതൽ പൊക്കത്തിൽ ഉള്ള തൊഴുത്ത് ആണ് കാണാൻ സാധിച്ചത്. |

| | | | | | |
|---|---|---|---|---|---|
| | | | | | മേൽകൂര ഉണ്ടായിരുന്നു. |

**2.ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ റീച് വൺ**

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തി ആരംഭിച്ച തിയതി | പ്രവർത്തി അവസാനിച്ച തിയതി | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| LD/329524 | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ റീച് 1 | 05/02/19 | 09/03/19 | 243000 | 240045 |

പൊതുവായി കണ്ട നിരീക്ഷണങ്ങൾ

- മെഷർമെൻറ് ബുക്ക് പ്രകാരമുള്ള പ്രവർത്തികൾക്കും കൂടുതലായി വസ്തുവിന്റെ ഉടമസ്ഥൻ ആവശ്യപ്പെടുന്ന അളവിലുള്ള വാരം എടുക്കലും തടം എടുക്കലും മൺകൂനകളും ആ കൃഷിയിടത്ത് ആവശ്യമുള്ള മറ്റ്പവർത്തികളുമാണ് കൂടുതലും ചെയ്യിരുന്നത് .അതിനാൽ കൃത്യമായ അളവ് എടുക്കാൻ സാധിച്ചിട്ടില്ല.
- മഴക്കുഴികൾ ഒന്നും ഉണ്ടായിരുന്നില്ല. ഭൂമി ഉടമസ്ഥരുടെ ആവശ്യപ്രകാരം പലയിടത്തായി പ്രവർത്തികൾ ചെയ്യുന്നതിനാൽ ഉം മെഷർമെന്റ് ബുക്കിൽ പറഞ്ഞ രീതിയിലുള്ള കൃത്യം അളവുകളും അല്ല തൊഴിലാളികൾ ചെയ്യുന്നത്.
- അതിനാൽ കൃഷിക്ക് അനുയോജ്യം ആക്കൽ എന്ന പ്രവർത്തിയുടെ അളവിൽ വ്യക്തതയില്ല.കൃഷിക് അനുയോഗ്യമാക്കി നൽകിയ സ്ഥലത്തു എല്ലാം തന്നെ നല്ലരീതിയിൽ കൃഷി ചെയ്യിട്ടുണ്ട്.

- തെങ്ങ്, ജാതി, കവുങ്ങ്, വാഴ എന്നീ കൃഷികൾ ചെയ്തുവരുന്നു.മഴ മൂലം കുറച്ചു നാശം സംഭവിച്ചെങ്കിലും എല്ലാവരും പ്രവർത്തിയെ കുറിച്ച് നല്ല അഭിപ്രായം ആണ് പറഞ്ഞത്. പണിക്കായി തൊഴിലാളികൾ ഇപ്പോൾ വരുന്നില്ല എന്ന പരാതിയാണ് ഭൂമി ഉടമസ്ഥർക്ക്

- .പ്രവർത്തി സ്ഥലങ്ങളിൽ ഒന്നും CIB ബോർഡ് കാണാൻ സാധിച്ചില്ല.

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ്/ മെഷർമെന്റ് ബുക്ക് പ്രകാരം - അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | സത്യവാൻ | കൃഷിക്ക് നിലമൊരുക്കൽ | 695 m2 | - | പലയിടങ്ങളിലായി വ്യത്യസ്ത അളവിൽ നിലമൊരുക്കൽ ചെയ്തതിനാൽ കൃത്യമായി അളന്നു തിട്ടപ്പെടുത്താൻ സാധിക്കില്ല |
| 2 | ശാന്തകുമാരി | കൃഷിക്ക് നിലമൊരുക്കൽ | 384 m2 | | മഴ മൂലം വാരം മാടിയത് എല്ലാം തന്നെ പോയൊരുന്നു. കൃഷിഭൂമി ഒരുക്കൽ നന്നായി ചെയ്തിരുന്നു എന്നു മനസ്സിലാക്കി. |
| 3 | സജിത്ത് | കൃഷിക്ക് നിലമൊരുക്കൽ | 642 m2 | | കൃഷിഭൂമി ഒരുക്കി നൽകിയിരുന്നു. ജാതിക്ക് തടം എടുക്കൽ, വാഴ |

| | | | | | |
|---|---|---|---|---|---|
| | | | | | നടാൻ കുഴികൾ എടുത്തു നൽകിയിരുന്നു. |
| 4 | ധനീഷ് | കൃഷി നിലമൊരുക്കൾ | 369 m2 | - | കൃഷിഭൂമി ഒരുക്കി നൽകിയിരുന്നു. ജാതിക്ക് തടം എടുക്കൽ, വാഴ നടാൻ കുഴികൾ എടുത്തു നൽകിയിരുന്നു |
| 5 | വേലായുധൻ | കൃഷിക്ക് നിലമൊരുക്കൽ | 256 m2 | -- | പലയിടങ്ങളിലായി വ്യത്യസ്ത അളവിൽ നിലമൊരുക്കൽ ചെയ്തതിനാൽ കൃത്യമായി അളന്നു തിട്ടപ്പെടുത്താൻ സാധിക്കില്ല |
| 6 | വിജയൻ | കൃഷിക്ക് നിലമൊരുക്കൽ | 426 m2 | | ഇഞ്ചി, മഞ്ഞൾ, കപ്പ, വാഴ തുടങ്ങിയവ കൃഷി ചെയ്തിട്ടുണ്ട്. കുറച്ചു കൃഷികൾ മഴ മൂലം നാശം സംഭവിച്ചിട്ടുണ്ട് എന്ന് അറിയാൻ സാധിച്ചു. |
| 7 | സുധാകരൻ | കൃഷിക്ക് നിലമൊരുക്കൽ | 268 m2 | -- | കൃഷിക്കായി ഭൂമി നല്ല രീതിയിൽ ഒരുക്കി നൽകിയിരുന്നു. |

| | | | | | |
|---|---|---|---|---|---|
| 8 | ഗോപി | കൃഷിക്ക് നിലമൊരുക്കൽ | 150 m2 | - | കൃഷി ഭൂമി ഒരുക്കി നൽകിയിരുന്നു. |
| 9 | സതി | കൃഷിക്ക് നിലമൊരുക്കൽ | 186 m2 | - | ഉടമസ്ഥർക് നല്ലഅഭിപ്രായം കൃഷി ഭൂമി ഒരുക്കി നൽകിയിരുന്നു. |
| 10 | രാമകൃഷ്ണൻ | കൃഷിക്ക് നിലമൊരുക്കൽ | 396 m2 | - | പലയിടങ്ങളിലായി വ്യത്യസ്ഥ അളവിൽ നിലമൊരുക്കൽ ചെയ്തതിനാൽ കൃത്യമായി അളന്നു തിട്ടപ്പെടുത്താൻ സാധിക്കില്ല കൃഷി ഭൂമി നല്ല രീതിയിൽ ഒരുക്കി നൽകിയിരുന്നു |
| 11 | പരമേശ്വരൻ | കൃഷിക്ക് നിലമൊരുക്കൽ | 459 m2 | | കൃഷിഭൂമി നല്ല രീതിയിൽ ഒരുക്കി നൽകിയിരുന്നു |
| 12 | ശൈലജ | കൃഷിക്ക് നിലമൊരുക്കൽ | 164 m2 | | കൃഷിഭൂമി നന്നായി ഒരുക്കി നൽകിയിരുന്നു |

| | | | | | |
|---|---|---|---|---|---|
| 13 | പങ്കജാക്ഷൻ | കൃഷിക്ക് നിലമൊരുക്കൽ | 474 m2 | | ജാതിക്ക് തടമെടുക്കൽ വാഴ നടാൻ കുഴി എടുത്തു കൊടുക്കൽ തുടങ്ങിയ കൃഷി ഭൂമി ഒരുക്കൽ നന്നായി ചെയ്തിട്ടുണ്ട്. |
| 14 | മിഥുൻലാൽ | കൃഷിക്ക് നിലമൊരുക്കൽ | 90 m2 | - | പലയിടങ്ങളിലായി വ്യത്യസ്ത അളവിൽ നിലമൊരുക്കൽ ചെയ്തതിനാൽ കൃത്യമായി അളന്നു തിട്ടപ്പെടുത്താൻ സാധിക്കില്ല |
| 15 | ലാലു | കൃഷിക്ക് നിലമൊരുക്കൽ | 55 m2 | | കൃഷിഭൂമി നികത്തി വീട് വക്കാൻ തറ കെട്ടിയിരിക്കുന്നു. |

**3.ക്ഷീര വകുപ്പുമായി സംയോജിച്ചു തീറ്റപ്പുൽ കൃഷിക്ക് നിലമൊരുക്കൽ**

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | ആരംഭിച്ച | അവസാനിച്ച തിയതി | എസ്റ്റിമേയ്റ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | തിയതി | | | |
| IF/312364 | ക്ഷീരവകുപ്പുമായി സംയോജിച്ചു തീറ്റപ്പുൽ കൃഷിക് നിലമൊരുക്കൽ | 11/01/19 | 20/02/19 | 103000 | 100902 |

- മെഷർമെൻറ് ബുക്ക് പ്രകാരമുള്ള പ്രവർത്തികൾ അധികം കാണാൻ സാധിച്ചില്ല.
- പണിത സ്ഥലത്തു കൃഷികൾ ഉണ്ടായിരുന്നു. എന്നാൽ തീറ്റപ്പുൽ കൃഷി ചെയ്തവർ കുറവായിരുന്നു.
- കുറച്ചു സ്ഥലത്തു മഴ മൂലം വെള്ളം കെട്ടി നിന്ന് കൃഷി നശിച്ചത് മൂലമാണ് മറ്റു കൃഷികൾ ചെയ്തത് എന്ന് അറിയാൻ സാധിച്ചു.
- പ്രവർത്തി സ്ഥലങ്ങളിൽ CIB ബോർഡ് കാണാൻ സാധിച്ചില്ല.

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തനം | എസ്റ്റിമേറ്റ്/ മെഷർമെന്റ് ബുക്ക് പ്രകാരം- അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | ബാലൻ | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 967m2 | - | വെള്ളം കയറിയ സ്ഥലം ആയിരുന്നു. പുല്ലു നട്ടത് ഒന്നും കാണാൻ സാധിച്ചില്ല. |

| | | | | | |
|---|---|---|---|---|---|
| 2 | സത്യവാൻ | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 460 m2 | - | വെള്ളം കയറിയ സ്ഥലം ആയിരുന്നു. പുല്ലു നട്ടത് ഒന്നും കാണാൻ സാധിച്ചില്ല. |
| 3 | പ്രഭാകരൻ | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 625 m2 | - | തീറ്റപ്പുൽ കൃഷി ഒന്നും കാണാൻ സാധിച്ചില്ല.പണിത സ്ഥലത്തു കുറച്ചു വാഴ ആണ് കൃഷി ചെയ്തിരുന്നത്. |
| 4 | രാജേഷ് | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 100 m2 | 75 m2 | മഴ മൂലം കൃഷി നാശം സംഭവിച്ച സ്ഥലം ആയിരുന്നു. |
| 5 | സഫീന | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 120 m2 | 150 m2 | നല്ല രീതിയിൽ തീറ്റപ്പുൽ കൃഷി ചെയ്തിരുന്നത് കാണാൻ സാധിച്ചു. |

**4. കിണർ നിർമാണം**

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവായതുക |
|---|---|---|---|---|---|---|
| 1 | വാർഡ് 3 കിണർ നിർമാണം | 1608004004/1F/367432 | 13/11/2018 | 20/11/2018 | 25700 | 11697 |

- കിണറിൽ വെള്ളം ഉണ്ടായിരുന്നു. ഉപകാരപ്രദം ആണെന്ന് അറിയാൻ കഴിഞ്ഞു

വേണ്ടവിധം വലകൊണ്ട് മുടിയിരുന്നു.

- എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവുകൾ ഉണ്ടായിരുന്നു.
- അർദ്ധവിദഗ്ദ തൊഴിലാളികളുടെ **9800** രൂപ മാത്രം ആണ് ലഭിക്കാത്തതു.

എന്നാൽ വേതനവുമായി ബദ്ധപ്പെട്ട നടപടി ക്രമങ്ങൾ പഞ്ചായത്തിൽ നിന്നും ചെയ് തിട്ടുണ്ട്.

**5.പ്രകൃതിക്ഷോഭവും വെള്ളപ്പൊക്കവുബാധിച്ച ദുരിതബാധിത തോടുകളും കാനകളുംപുനരുദ്ധാരണം**

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | പ്രകൃതിക്ഷോഭ വും വെള്ളപ്പൊക്കവും ബാധിച്ച ദുരിതബാധിത പ്രദേശങ്ങളിൽ<br><br>കാനകളുടെയും തോടുകളുടെയും പുനരുദ്ധാരണം | FP/306242 | 7/11/18 | 28/12/18 | 325000 | 321900 |

- പ്രകൃതിക്ഷോഭവും വെള്ളപ്പൊക്കവും ബാധിച്ച ദുരിതബാധിത പ്രദേശങ്ങളിൽ കാനങ്ങളുടെയും തോടുകളുടെയും പുനരുദ്ധാരണംഎന്ന പ്രവൃത്തികളിൽ തോടുകളും കനാലുകളും വൃത്തിയാക്കുകയും മണ്ണും ചെളിയും കോരി കളഞ്ഞിരുന്നു.
- പ്രവർത്തി പരിശോധന സമയത് തോടുകളുടെ സമീപത്തു കാടുകൾ കയറിയിരുന്നു. കാനകളും തോടുകളും ചെളി കാണപ്പെട്ടു .
- ബൂട്ട്, കൈയുറ എന്നിവ ലഭിക്കുന്നില്ല എന്നു അറിഞ്ഞു. പ്രഥമ ശുസ്രൂഷ കിറ്റ് ലഭിക്കുന്നുണ്ടെന്ന് പറഞ്ഞു
- CIB കാണുവാൻ സാധിച്ചില്ല

| പ്രവർത്തി | എസ്റ്റിമേറ്റ്/ മെഷർമെന്റ് ബുക്ക് പ്രകാരം- അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് |
|---|---|---|
| കുറുക്കൻ തോട് | 850 m | 1210m |
| വലിയപാടം തോട് | 1250m | 1430m |
| കപ്പേരുകാവ് തോട് | 1100m | 1086 m |
| ഫീഡർ ചാനൽ | 1350m | 800 m |

**6.ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ റീച്2**

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തി ആരംഭിച്ച തിയതി | പ്രവർത്തി അവസാനിച്ച തിയതി | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| LD/329525 | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ റീച് 2 | 12/03/19 | 25/03/19 | 226000 | 178862 |

പൊതുവായി കണ്ട നിരീക്ഷണങ്ങൾ

- മെഷർമെൻറ് ബുക്ക് പ്രകാരമുള്ള പ്രവർത്തികൾക്കും കൂടുതലായി വസ്തുവിന്റെ ഉടമസ്ഥൻ ആവശ്യപ്പെടുന്ന അളവിലുള്ള വാരം എടുക്കലും തടം എടുക്കലും മൺകൂനകളും ആ കൃഷിയിടത്ത് ആവശ്യമുള്ള മറ്റ്പവർത്തികളുമാണ് കൂടുതലും ചെയ്തിരുന്നത് അതിനാൽ കൃത്യമായ അളവ് എടുക്കാൻ സാധിച്ചിട്ടില്ല.
- മഴക്കുഴികൾ ഒന്നും ഉണ്ടായിരുന്നില്ല. ഭൂമി ഉടമസ്ഥരുടെ ആവശ്യപ്രകാരം പലയിടത്തായി പ്രവർത്തികൾ ചെയ്യുന്നതിനാൽ ഉം മെഷർമെന്റ് ബുക്കിൽ പറഞ്ഞ രീതിയിലുള്ള കൃത്യം അളവുകളും അല്ല തൊഴിലാളികൾ ചെയ്യുന്നത്.
- അതിനാൽ കൃഷിക്ക് അനുയോജ്യം ആക്കൽ എന്ന പ്രവർത്തിയുടെ അളവിൽ വ്യക്തതയില്ല.കൃഷിക് അനുയോഗ്യമാക്കി നൽകിയ സ്ഥലത്തു എല്ലാം തന്നെ നല്ലരീതിയിൽ കൃഷി ചെയ്തിട്ടുണ്ട്.
- തെങ്ങ്, ജാതി, കവുങ്ങ്, വാഴ എന്നീ കൃഷികൾ ചെയ്തുവരുന്നു.മഴ മൂലം കുറച്ചു നാശം സംഭവിച്ചെങ്കിലും എല്ലാവരും പ്രവർത്തിയെ കുറിച്ച് നല്ല അഭിപ്രായം ആണ് പറഞ്ഞത്. പണിക്കായി തൊഴിലാളികൾ ഇപ്പോൾ വരുന്നില്ല എന്ന പരാതിയാണ് ഭൂമി ഉടമസ്ഥർക്ക്
- CIB ബോർഡ് കാണാൻ സാധിച്ചില്ല.

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ്/ മെഷരെ്മന്റ് ബുക്ക് പ്രകാരം - അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | നിയാസ് | കൃഷിക്ക് നിലമൊരുക്കൽ | 165 m2 | - | പലയിടങ്ങളിലായി വ്യത്യസ്ഥ അളവിൽ നിലമൊരുക്കൽ ചെയ്തതിനാൽ കൃത്യമായി അളന്നു തിട്ടപ്പെടുത്താൻ സാധിക്കില്ല |
| 2 | വാസു | കൃഷിക്ക് നിലമൊരുക്കൽ | 712 m2 | | കൃഷിഭൂമി ഒരുക്കൽ നന്നായി ചെയ്തിരുന്നു എന്നു മനസ്സിലാക്കി. |
| 3 | മനോജ് | കൃഷിക്ക് നിലമൊരുക്കൽ | 982 m2 | | കൃഷിഭൂമി ഒരുക്കി നൽകിയിരുന്നു. ജാതിക്ക് തടം എടുക്കൽ, വാഴ നടാൻ കുഴികൾ എടുത്തു നൽകിയിരുന്നു. |
| 4 | അമ്മിണിയമ്മ | കൃഷി നിലമൊരുക്കൾ | 579 m2 | - | കൃഷിഭൂമി ഒരുക്കി നൽകിയിരുന്നു. ജാതിക്ക് തടം എടുക്കൽ, വാഴ നടാൻ കുഴികൾ എടുത്തു |

| | | | | | |
|---|---|---|---|---|---|
| | | | | | നൽകിയിരുന്നു |
| 5 | ബിജു | കൃഷിക്ക് നിലമൊരുക്കൽ | 1522 m2 | -- | പലയിടങ്ങളിലായി വ്യത്യസ്ത അളവിൽ നിലമൊരുക്കൽ ചെയ്തതിനാൽ കൃത്യമായി അളന്നു തിട്ടപ്പെടുത്താൻ സാധിക്കില്ല |
| 6 | രാഘവൻ | കൃഷിക്ക് നിലമൊരുക്കൽ | 3484m2 | | ഇഞ്ചി, മഞ്ഞൾ,ജാതി, കപ്പ, വാഴ തുടങ്ങിയവ കൃഷി ചെയ്തിട്ടുണ്ട്. കൃഷികൾ നല്ല രീതിയിൽ നടക്കുന്നു |
| 7 | പുരുഷൻ | കൃഷിക്ക് നിലമൊരുക്കൽ | 220 m2 | -- | കൃഷിക്കായി ഭൂമി നല്ല രീതിയിൽ ഒരുക്കി നൽകിയിരുന്നു. |
| 8 | കാർത്യായനി | കൃഷിക്ക് നിലമൊരുക്കൽ | 536m2 | - | പലയിടങ്ങളിലായി വ്യത്യസ്ത അളവിൽ നിലമൊരുക്കൽ ചെയ്തതിനാൽ കൃത്യമായി അളന്നു തിട്ടപ്പെടുത്താൻ സാധിക്കില്ല. കൃഷി ഭൂമി ഒരുക്കി നൽകിയിരുന്നു. |

## 7.ഒക്കൽ ലിഫ്റ്റ് ഇറിഗേഷൻ കനാൽ  നവീകരണം

| നമ്പർ | വർക്ക് | വർക്ക്കോഡ് | ആരംഭിച്ച തീയതി | അവസാനിച്ചതീയതി | എസ്റ്റിമേറ്റ്തുക | ചിലവാക്കിയതുക |
|---|---|---|---|---|---|---|
| 1 | വാർഡ് 3 ഒക്കൽ ലിഫ്റ്റ് ഇറിഗേഷൻ കനാൽ നവീകരണം | 1608004004/IC /213860 | 6/10/2018 | 28/10/2018 | 3, 15, 000 | 3, 10, 700 |

- **3** വാർഡുകളിൽ  ആയിട്ടാണ് കനാൽ കിടക്കുന്നത്.മൂന്നാം  വാർഡിന്റ കനാൽ ആരംഭിക്കുന്നത്  തൊണ്ടു തോട് പാലം മുതലാണ്. കനാലിന്റെ അളവു രേഖപെടുത്തി. നീളം **240** ഫീറ്റ് ആണ് കിട്ടിയത്
- റോഡിൽ വീതികൂടുതൽആയോണ്ടനാലിന്റെവീതി **3.60 m** ആയിരുന്നു.
- കനാൽവൃത്തിഹീനാമായനിലയിൽകാണപ്പെട്ടു.
- കനാൽസൈഡിൽവേസ്റ്റ്കൂട്ടിയിട്ടിരിക്കുന്നു.
- ഒരു ഭാഗത്തു കനാൽ ആഴംകൂട്ടി എടുത്തിരിക്കുന്നതു ശ്രദ്ധയിൽപെട്ടു.

## നിർദേശങ്ങൾ

### ബി.ഡി.ഓ.

- മസ്റ്റർ  റോളിൽ ഒപ്പു, സീൽ എന്നിവ പതിപ്പിക്കുന്നതിനോടൊപ്പം തിയതി കൂടെ ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്

- ഡി.ഇ.ഓ, അക്കൗണ്ടന്റ് , ഓവർസീർ അക്രെഡിക്ടഡ് എൻജിനീയർ ,മേറ്റ്മാർ എന്നിവർക്കു കൃത്യമായ ട്രെയിനിങ്ങുകൾ കൊടുക്കാൻ ശ്രദ്ധകേണ്ടതാണ്
- പ്രവർത്തി സ്ഥലങ്ങൾ സന്ദർശിക്കുന്നതു ഗുണകരമായിരിക്കും

### സെക്രെട്ടറി/അസിസ്റ്റന്റ് സെക്രട്ടറി

- മസ്റ്റർ റോളിൽ ഒപ്പു, സീൽ എന്നിവ പതിപ്പിക്കുന്നതിനോടൊപ്പം തിയതി കൂടെ ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്
- 7 രെജിസ്റ്ററുകളും മെഷര്മെന്റ് ബുക്കും സാക്ഷ്യപെടുത്തി ആധികാരിത ഉറപ്പ് വരുത്തുക
- തൊഴിലാളികളുടെ അവകാശങ്ങൾ . അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പു വരുത്തുക. ചികിത്സ ചിലവുകൾ കൃത്യമായി അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുക
- വിജിലെൻസ് മോണിറ്ററിങ് കമ്മിറ്റിയെ ശക്തിപ്പെടുത്തുക

### നിർവഹണ ഉദ്യോഗസ്ഥർ(അക്കൗണ്ടന്റ്, ഡിഇഓ, അക്രെഡിക്ടഡ് എഞ്ചിനീയർ , ഓവർസിയർ

- വർക്ക് ഫയലുകൾ ആനുവൽ മാസ്റ്റർ സർക്യൂലർ പ്രകാരം 22 ഡോക്യൂമെന്റസ് ഉണ്ടെന്ന ഉറപ്പു വരുത്തി ഫയലുകൾ തയ്യാറാക്കുക.
- തൊഴിൽ കാർഡ് കൃത്യമായി എഴുതി സൂക്ഷിക്കാനും, മസ്റ്റർറോളുകള് വെട്ടിത്തിരുത്തലുകൾ കൂടാതെ സൂക്ഷിക്കാനുമുള്ള നിർദേശങ്ങൾ നൽകണം
- പ്രവർത്തിയുടെ ആവശ്യകതയും ഉപയോഗവും കൃത്യമായി പ്രൊജക്റ്റ് മീറ്റിംഗിൽ തൊഴിലാളികൾക് പറഞ്ഞുകൊടുക്കുക.കൃത്യമായി തൊഴിലിടം സന്ദർശിക്കുക
- ഡിമാൻഡ് അനുസരിച്ചു തോഴിൽ നൽകുക.

### മേറ്റ്

- കൃത്യമായി ഒപ്പിട്ട മസ്റ്റർ റോൾ സൂക്ഷിക്കുക.
- ഹാജർ. അബ്സെന്റ എന്നിവ അപ്പപ്പോൾ തന്നെ എഴുതുക
- മാസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഇല്ലായെന്ന് ഉറപ്പാക്കുക.
- തൊഴിൽ ദിനങ്ങളുടെ തിയതി അടയാളപ്പെടുത്തുക
- ഓരോ പ്രവർത്തി കഴിയുമ്പോഴും മാസ്റ്റർറോൾ സൈറ്റ് ഡയറി എന്നിവ സൈറ്റ് ഡയറി പൂർണമായും പൂരിപ്പിക്കുക, അപകടങ്ങൾ ഉണ്ടായാൽ സൈറ്റ് ഡയറിയിൽ എഴുതുകയും നിർവഹണ ഉദ്യോഗസ്ഥരെ അറിയിക്കുകയും ചെയ്യുക.
- കൃത്യ അളവിലും നിലവാരത്തിലും ജോലി ചെയ്യുന്നുണ്ടെന് ഉറപ്പു വരുത്തുക
- തൊഴിൽ കാർഡ് കൃത്യമായി പൂരിപ്പിക്കുക

## പ്രധാന നിരീക്ഷണങ്ങൾ

1. തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിനു ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

2. ഫയലുകളിൽ ഡോക്യൂമെന്റസ് സൂക്ഷിക്കുന്നതിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥർ എടുക്കുന്ന പരിശ്രമം അഭിനന്ദാർഹമാണ്

3. പൊതു ജനങ്ങളുടെ പങ്കാളിത്തം തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണ് .വാർഡിലെ പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ഗ്രാമസഭകളിൽയുടെയും അയൽക്കൂട്ടംതല ചർച്ചകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ കണ്ടെത്തുകയും അവയുടെ ഗുണമേന്മ യും ഉറപ്പു വരുത്തേണ്ടതാണ്.

4. പ്രവർത്തിയിടങ്ങളിൽ തണൽ സൗകര്യം, പ്രഥമ ശുശ്രുഷ കിറ്റുകൾ, ,വെള്ളം , എന്നിവ ഉള്ളതാണ്.

5. പ്രവർത്തിയിടങ്ങളിൽ 1 സ്ഥലത്തു മാത്രമാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ സാധിച്ചത്.

6. തൊഴിൽ കാർഡുകൾ പാസ്സ് ബുക്കുകൾ കൃത്യമായി പൂരിപ്പിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപെട്ടു.

7. ഒരു സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ തന്നെ പണി കിട്ടുകയാണെങ്കിൽ തൊഴിൽ ദിനങ്ങൾ കൂടുതൽ കിട്ടുമെന്ന് അഭിപ്രായപെട്ടു.

8.100 തൊഴിൽ തികച്ച തൊഴിലാളികൾക്ക് ബോണസ് കിട്ടയതായി അറിയാൻ പറ്റി.

9. വേതനം ലഭിക്കുന്നത് പ്രവർത്തി കഴിഞ്ഞു മാസങ്ങൾക് ശേഷമാണ്. ആയതിനാൽ തൊഴിലുറപ്പ് നിർത്തുന്ന തൊഴിലാളികളുടെ എണ്ണം ദിവസം പ്രതി കൂടുകയാണ് .

## നന്ദി

ഒക്കൽ ഗ്രാമ പഞ്ചായത്തിലെ 2018-19 സാമ്പത്തീക വർഷത്തിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപെട്ട പഞ്ചായത്ത് പ്രസിഡന്റ് , സെകട്ടറി അസിസ്റ്റന്റ് സെകട്ടറി, ഭരണസമിതി അംഗങ്ങൾ,വാർഡ് മെമ്പർ , തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ , ഫീൽഡു തല പ്രവർത്തനങ്ങൾക് സഹായിച്ച മേറ്റ്മാർ തൊഴിലാളികൾ പൊതുജനങ്ങൾ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപെടുത്തുന്നു.

## ഒക്കൽ പഞ്ചായത്തിലെ വാർഡ് 3 തൊഴിലുറപ്പ് ഗ്രാമസഭ മിനിറ്റ്സ്

ഒക്കൽ പഞ്ചായത്തിലെ വാർഡ് 3 ലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 05/11/2019 ഉച്ചക്ക് 2 മണിയോടെ ഓണമ്പിള്ളി അംഗൻവാടി no 23 വച്ച് ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു. 64 അംഗങ്ങൾ ഗ്രാമസഭയിൽ എത്തിയിരുന്നു. vrp ജൂബി ഭരണഘടനാ പ്രതിജ്ഞ എല്ലാവർക്കും ചൊല്ലിക്കൊടുത്തു. വാർഡ് മെമ്പർ, തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥ, കുടുംബശ്രീ അംഗങ്ങൾ, തൊഴിലാളികൾ കൂവപ്പടി BRP മരിയ മോൾ സ്റ്റീഫൻ, കൂവപ്പടി ബ്ലോക്കിന് കീഴിൽ പ്രവർത്തിക്കുന്ന VRP മാർ എന്നിവർ

ഗ്രാമസഭയിൽ ഉണ്ടായിരുന്നു. വാർഡിലെ തൊഴിലാളിയായ പരീക്കുട്ടി ചേട്ടനെ അധ്യക്ഷനായി എല്ലാവരും തിരഞ്ഞെടുത്തു. ശ്രീമതി പുഷ്പ യോഗത്തിൽ എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

വാർഡ് മെമ്പർ അനിൽ KN ഗ്രാമസഭ യോഗം ഉദ്ഘാടനം ചെയ്തു. അധ്യക്ഷൻ പരീക്കുട്ടി അധ്യക്ഷ പ്രസംഗം നിർവഹിക്കുകയും ചെയ്തു. ബി ആർ പി മരിയ മോൾ സാമൂഹിക പരിശോധന ഗ്രാമ സഭയെക്കുറിച്ച് ആമു പ്രസംഗം നടത്തി.

- ആദ്യമായി പരിശോധിച്ച ഫയലിൽ നിന്നും കണ്ടെത്തിയ കാര്യങ്ങളാണ് വായിച്ചത്.വെജ് ലിസ്റ്റും ആക്ഷൻ പ്ലാൻ കോപ്പി എന്നിവയാണ് പ്രധാനമായും ഫയൽ ൽ ഉണ്ടാകാതിരുന്നത്.

- ഫീൽഡ് പരിശോധനയിൽ നിന്നും കണ്ടെത്തിയ വിവരങ്ങളും അവയുടെ അളവുകളും വായിക്കുകയുണ്ടായി, കൂടാതെ പഞ്ചായത്തിൽ സൂക്ഷിക്കേണ്ട 7 രെജിസ്റ്ററുകളുടെ പരിശോധനയെ സംബന്ധിച്ച വിവരങ്ങളും വായിച്ചു. തുടർന്ന് തൊഴിലാളികളുമായി ചർച്ച നടന്നു.

- തൊഴിലാളികളുടെ അവകാശങ്ങളെ പറ്റിയും പ്രധാനപെട്ട നിരീക്ഷണങ്ങളും പറഞ്ഞു. അതിനു ശേഷം ചർച്ച നടന്നു.

- തൊഴിൽ കാർഡ് എല്ലാവർക്കും കൃത്യമായി 15 ദിവസത്തിനുള്ളിൽ ലഭിച്ചിട്ടുണ്ട്.

- ഡിമാൻഡ് ഫോം പഞ്ചായത്തിൽ കൊടുത്തതിനുശേഷം കൈപറ്റു രസീത് വാങ്ങുവാൻ മേറ്റ് ശ്രദ്ധിക്കണമെന്നും നിർദ്ദേശം നൽകി.

- തൊഴിലില്ലായ്മ വേദത്തെ കുറിച്ച് ഇപ്പോഴാണ് അറിയുന്നത് എന്നും തൊഴിലാളികൾ അഭിപ്രായപ്പെട്ടു. .

- പണി സ്ഥലങ്ങളിൽ തണൽ വെള്ളം പ്രഥമശുശ്രൂഷ കിറ്റ് ലഭ്യമാണെന്നും അറിയിച്ചു.

- രണ്ട് ടാർപ്പായ മേറ്റ് കയ്യിൽ നിന്നും രൂപ ചെലവാക്കി വാങ്ങിയിട്ടുണ്ടെന്നും അറിയിച്ചു.

- പഞ്ചായത്തിലെ ആയുധങ്ങളെല്ലാം ഉപയോഗശൂന്യമായി കിടക്കുകയാണെന്നും മേറ്റ് പറഞ്ഞു. അവയെല്ലാം തിരിച്ച് പഞ്ചായത്തിൽ ഏൽപ്പിക്കാൻ ഉള്ള നടപടി ക്രമങ്ങൾ ചെയ്തുവരുന്നു എന്നും പറഞ്ഞു.

- കിണർ നിർമ്മാണത്തിന് മെറ്റീരിയൽ ബില്ലും അർദ്ധ വിദഗ്ധ തൊഴിലാളിയുടെ രൂപ കിട്ടിയിട്ടില്ലെന്നും അറിയിച്ചു,

  എന്നാൽ പഞ്ചായത്തിൽ നിന്നും അതിനു വേണ്ട നടപടിക്രമങ്ങൾ സ്വീകരിച്ചുകഴിഞ്ഞു എന്നും ഓവർസിയർ മറുപടി നൽകി.

- 5km ചുറ്റളവിൽ തൊഴിൽ ലഭിക്കുന്നുണ്ടെന്നും തൊഴിലാളികൾ പറഞ്ഞു.

- തൊഴിൽ സ്ഥലത്ത് വെച്ച് പരിക്കുപറ്റിയ ഒരു തൊഴിലാളിക്ക് 33650/- രൂപ കിട്ടിയെന്നും ഇതുപോലെ മറ്റൊരാൾക്ക് 2000/- രൂപ കിട്ടിയിട്ടുണ്ടെന്നും പറഞ്ഞു. അപ്പോൾ എല്ലാവരും അതിനു പിന്നിൽ പ്രവർത്തിച്ചവരെ അഭിനന്ദിക്കുകയും ചെയ്തു

- 100 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി തൊഴിലാളികൾ ഉന്നയിച്ചു.

  പഞ്ചായത്തിൽ നിന്നും പറയുന്ന പ്രവർത്തികൾ മാത്രം ചെയ്യാൻ ശ്രമിക്കണമെന്നും തൊഴിൽ കണ്ടെത്താൻ അയൽക്കൂട്ടതല ചർച്ചകൾ നടത്തുവാനും

- പ്രോജക്ട് മീറ്റിംഗ് എന്നിവയിലൂടെയും പുതിയ തൊഴിൽ കണ്ടെത്തണമെന്നും

jlg ഗ്രൂപ്പുകൾ തുടങ്ങി പ്രവർത്തികൾ കണ്ടെത്തണമെന്നും ഓവർസിയർ അറിയിച്ചു.

- പ്രവർത്തി മാറ്റി ചെയ്യാതിരിക്കുക എന്നും ആവർത്തന സ്വഭാവമുള്ള പ്രവർത്തികൾ ഇനിമുതൽ ചെയ്യാൻ പാടില്ല എന്നും ആസ്തി ഉണ്ടാകുന്ന പ്രവർത്തികൾ ചെയ്യണമെന്നും ഓവർസിയർ കൂട്ടിച്ചേർത്തു.

- ബൂട്ട് കൈയുറ എന്നിവ ഇപ്പോൾ ഇല്ല എന്ന പരാതി തൊഴിലാളികൾ പറഞ്ഞു.
  - തൊഴിൽ ഉറപ്പിന്റെ തുടക്കത്തിൽ ഇവ ഉണ്ടായിരുന്നു എന്ന് തൊഴിലാളികൾ പറഞ്ഞു. ഇപ്പോൾ ഇല്ലാത്തതിന് പരിഹാരമായി മെമ്പർ പഞ്ചായത്ത് കമ്മിറ്റിയിൽ ഇതിനെകുറിച്ച് സംസാരിക്കാം എന്നും വേണ്ട നടപടികൾ സ്വീകരിക്കാമെന്നും പറഞ്ഞു. കൂടാതെ ഇവ വാങ്ങിച്ചാൽ ഉപയോഗിക്കുമോ എന്നുള്ള ചോദ്യവും മെമ്പർ ചോദിച്ചു.

- തൊഴിൽ സമയം 9 - 4.30 ആക്കണമെന്നും വേതനം വർധിപ്പിക്കണം എന്നും ഗ്രാമസഭ നിർദ്ദേശിച്ചു.

- കനാലിൽ വേസ്റ്റ് ഇടുന്ന തടയണമെന്നും അവ വൃത്തിയാക്കാൻ വളരെ ബുദ്ധിമുട്ടാണ് തൊഴിലാളികൾ പറഞ്ഞു.

- ലിഫ്റ്റ് ഇറിഗേഷൻ കനാൽ ക്ലീനിംഗ് നൽകണമെന്ന് തൊഴിലാളികൾ പറഞ്ഞു
  - . അതിന്റെ പേപ്പർ വർക്കുകൾ നടന്നുകൊണ്ടിരിക്കുകയാണ് എന്ന് ഓവർസിയർ മറുപടി നൽകി.

- പൊതു റോഡുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു.
  - എന്നാൽ അളന്നു തിട്ടപ്പെടുത്താൻ പറ്റാത്തപ്രവർത്തികൾ ചെയ്യാൻ പാടുള്ളതല്ല എന്നും ഓവർസിയർ പറഞ്ഞു.

- പാടത്ത് പണിക്ക് മറ്റ് ആരോഗ്യപ്രശ്നങ്ങൾ ഉള്ളതുകൊണ്ട് ചില തൊഴിലാളികൾക്ക് ഇറങ്ങുവാൻ സാധിക്കുകയില്ല അതുകൊണ്ട് അവരുടെ പണികളും മറ്റുള്ളവർ ചെയ്തു കൊടുക്കുക എന്നുള്ളത് വളരെ ബുദ്ധിമുട്ടാണെന്നും മറ്റു തൊഴിലാളികൾ പറഞ്ഞു.
- ഡിമാൻഡ് ചെയ്തിട 15 ദിവസത്തിനകം തൊഴിൽ ലഭിക്കുന്നില്ല എന്ന് തൊഴിലാളികൾ പറഞ്ഞു.
    - ചില സാങ്കേതിക തടസ്സങ്ങൾ മൂലമാണെന്നും പഞ്ചായത്തിൽ വേണ്ടനടപടി ക്രമങ്ങൾ ചെയ്യാറുണ്ടെന്നും ഓവർസിയർ അറിയിച്ചു.
    - ഡിമാൻഡ് ഫോമിൽ സ്വന്തം കൈപ്പടയിൽ പേരെഴുതി ഒപ്പിടണം എന്നും അറിയിച്ചു.

നബീസ എന്നതൊഴിലാളി എല്ലാവർക്കും വേണ്ടി ഗ്രാമസഭയിൽ മാപ്പിളപാട്ട് പാടുകയും ചെയ്തു.

തൊഴിലാളികളുടെ എല്ലാ സംശയങ്ങൾക്കും ഓവർസിയർ മറുപടി നൽകി. സദസ്സിനെ അനുവാദത്തോടുകൂടി റിപ്പോർട്ട് എല്ലാവരും അംഗീകരിച്ചു.VRP പ്രിയ യോഗത്തിനു നന്ദി പറയുകയും ചെയ്തു.

ദേശീയഗാനതോടുകൂടി യോഗനടപടികൾ അവസാനിപ്പിച്ചു.